ഉത്തരം

(എ) ശരാശരി 4200 പേർ.

(ബി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് സ്തനാർബുദം, Head&Neck വിഭാഗം, ഗൈനക് എന്നീ 3 വിഭാഗങ്ങളിൽ ആർ.സി.സി.-യിലേത് പോലെ 3 സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് ജനറൽ ഓങ്കോളജി വിഭാഗത്തിൽ ചികിത്സാ സൗകര്യം എല്ലാ ദിവസവും ലഭ്യമാകുന്നുണ്ട്. കൂടാതെ കിടത്തി ചികിത്സിക്കാനായി പ്രത്യേക വാർഡുകൾ ക്രമീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം പണി പൂർത്തിയാക്കിയ 25 കിടക്കകളോടുകൂടിയ പുതിയ ഡേ-കെയർ തീവ്ര പരിചരണ കീമോതെറാപ്പി വിഭാഗം ഫെബ്രുവരി 2016-ഓടെ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ

13(2481) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സി. എച്ച്. സി.-കളിലെയും സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആയതു പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(സി) ഇക്കാര്യത്തിൽ പ്രസ്തുത സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 16-5-2008-ലെ നമ്പർ156/2008/ആ.ക.വ. 6-11-2008-ലെ (എംഎസ്.)നമ്പർ 568/2008/ആ.ക.വ. സർക്കാർ ഉത്തരവുകൾ പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.എച്ച്.സി.-കൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നത് പൊതുവായ ഒരു ഉത്തരവിലൂടെയല്ല. ഓരോ സ്ഥാപനത്തിൽ നിന്നും അതാത് ജില്ലാ മെഡിക്കൽ ആഫീസർ ശിപാർശ ചെയ്ത് അയയ്ക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിനാൽ ഒരു സി.എച്ച്.സി.-യിൽ തന്നെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കും.

(സി) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിലാണ് നിയമനങ്ങൾ നടത്തുന്നത്. സ്റ്റാഫ് പാറ്റേൺ പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതനുസരിച്ച് നിയമനങ്ങൾ നൽകുന്നതാണ്.

ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. വിഭാഗങ്ങളിലെ ഒഴിവുകൾ

14 (2482) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I, ജൂനിയർ പി.എച്ച്.എൻ. എന്നിവരുടെ ഓരോ ജില്ലകളിലേയും ഒഴിവുകൾ എത്രയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I ജൂനിയർ പി.എച്ച്.എൻ. തസ്തികകളിലെ ജില്ല തിരിച്ചുള്ള ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly